ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ചിലർ പറയുന്നുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അക്കാര്യം പുനരാലോചിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

മരച്ചീനി പദ്ധതി.

* 257. [9] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനിപദ്ധതിയനുസരിച്ചു ഓരോ താലൂക്കിലുംനിന്ന് വാങ്ങേണ്ട കേപാട്ടാ നിശ്ചയിച്ചത് എന്തടിസ്ഥാനത്തിലാണ്; മരച്ചീനി കൃഷി ഏറ്റവും കൂടുതൽ സ്ഥലത്തു നടത്തുന്ന താലൂക്കിനു ഏറ്റവും കൂടുതൽ കേപാട്ടാ നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) താലൂക്കടിസ്ഥാനത്തിൽ മരച്ചീനി കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും അനുവദിച്ച കേപാട്ടായും എന്തെന്നു പറയുമോ ;

(സി) മൊത്തമായി സ്റ്റോറിൽനിന്നും വാങ്ങാനുദ്ദേശിക്കുന്നത് എത്ര ടൺ വാട്ടകപ്പയും ഉണക്ക കപ്പയുമാണ്; അതു് സർപ്ലസ്സിന്റെ എത്ര ശതമാനമാണെന്നു പറയുമോ ;

(ഡി) കൂടുതൽ ഉണക്കകപ്പ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; മൊത്തമായി വാങ്ങുന്ന കപ്പയുടെ അളവ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) മരച്ചീനി ഏറ്റവും കൂടുതൽ കൃഷിചെയ്യുന്ന താലൂക്കിനു് ഏറ്റവും കൂടുതൽ കേപാട്ടായും, ഏറ്റവും കുറവു കൃഷിചെയ്യുന്ന താലൂക്കിനു് ഏറ്റവും കുറവു കേപാട്ടായും എന്ന കണക്കിനാണു് ഓരോ താലൂക്കിനും ഗവണ്മെൻറ് പദ്ധതിയനുസരിച്ചു് കേപാട്ടാ നിശ്ചയിച്ചതു്. മരച്ചീനി ഏറ്റവും കൂടുതൽ സ്ഥലത്തു കൃഷിചെയ്യുന്ന താലൂക്കിനു് ഏറ്റവും കൂടുതൽ കേപാട്ടാ അനുവദിച്ചിട്ടുണ്ടു്.

(ബി) ഈ വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് †മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) 17,360 ടൺ വാട്ടകപ്പയും, 2,640 ടൺ ഉണക്കകപ്പയും. ഇതു് സർപ്ലസ്സിന്റെ 10 ശതമാനമാണു്.

(ഡി) ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നമ്മുടെ രാജ്യത്തു് വാട്ടകപ്പയെക്കാൾ കൂടുതൽ ഉണക്കകപ്പയാണു് ഉള്ളതെന്നതുകൊണ്ടു് ഉണക്കകപ്പ കൂടുതൽ വാങ്ങുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെൻറിന്റെ അറിവു് അങ്ങനെയല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർപ്ലസ്സിന്റെ പത്തു ശതമാനം വാങ്ങിയതുകൊണ്ടു് മരച്ചീനികൃഷിക്കാരുടെ ബുദ്ധിമുട്ടു് പരിഹരിക്കയില്ലെന്നറിയാമോ ?

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : ഇഷ്ടിമട്ട വളരെ പരിഹരിച്ചിട്ടുണ്ടെന്നാണ് അറിവ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ കപ്പ എത്രനാൾ കേടുകൂടാതിരിക്കും.

ശ്രീ. എ. ജെ. ജാൺ : ഉണക്ക കപ്പ രണ്ടുമൂന്നു മാസത്തിൽ കൂടുതൽ ഇരിക്കയില്ലെന്നാണ് അറിയുന്നതു്. വാട്ടകപ്പയും ആറേഴു മാസത്തിൽ കൂടുതൽ ഇരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : ഇപ്പോൾ ഗവണ്മെൻറ് വാങ്ങിവച്ചിട്ടുള്ള കപ്പ ചീത്തയാകുകയില്ലേ ?

ശ്രീ. എ. ജെ. ജാൺ : ചീത്തയാകും. കഴിയുന്നതും വേഗത്തിൽ അതു് വിൽക്കുകയോ വേറെ എന്തെങ്കിലും ചെയ്യുകയോ ചെയ്യാം.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ കപ്പ എവിടെനിന്നുമാണ് വാങ്ങുന്നതു് ?

ശ്രീ. എ. ജെ. ജാൺ : കപ്പക്കൃഷിക്കാരുടെ പക്കൽനിന്നുമാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ : ഗവണ്മെൻറ് വാങ്ങുന്നതിനു മുൻപേതന്നെ അവർ കുറെനാൾ അവരുടെ ഭൈവശം സൂക്ഷിച്ചുവച്ചിരുന്നതായിരിക്കുമെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ വരാം.

ശ്രീ. സി. കെ. വിശ്വനാഥൻ : ഇപ്പോൾ സ്റ്റോക്കു ചെയ്തിട്ടുള്ള മരച്ചീനി കൂടുതൽ പഴക്കം വന്നിട്ടുള്ളതായതുകൊണ്ടു് എളുപ്പത്തിൽ ചീത്തയാവുകയില്ലേ ?

ശ്രീ. എ. ജെ. ജാൺ : ചീത്തയാകുന്നതിനു മുൻപുതന്നെ അതു എങ്ങിനെയെങ്കിലും ഡിസ്പോസ് ചെയ്യണമെന്നുദ്ദേശിക്കുന്നു.

ശ്രീ. സി. കെ. വിശ്വനാഥൻ : ചീത്തയാകാതിരിക്കുന്നതിനു വേണ്ടി ഗവണ്മെൻറ് എന്തു ചെയ്തിട്ടുണ്ടു് ?

ശ്രീ. എ. ജെ. ജാൺ : ചീത്തയാകുന്നതിനെ തടയാൻ ഗവണ്മെൻറിനു് സാദ്ധ്യമല്ല. അതു് സ്വാഭാവികമായിട്ടുള്ള ഒരു സംഭവമാണ്. മനുഷ്യർക്കോ മൃഗങ്ങൾക്കോ ഉപയോഗിക്കത്തക്കവണ്ണം അതു് കൊടുക്കുവാൻ ഉദ്ദേശിച്ചു് അതു് വിതരണത്തിനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. പി. സദാശിവൻ : വാട്ടകപ്പയുടേയും ഉണക്ക കപ്പയുടേയും വില നിശ്ചയിക്കുന്നതു് ഗവണ്മെൻറോ, ബോർഡാണോ ?

ശ്രീ. എ. ജെ. ജാൺ : ബോർഡാണെന്നാണ് തോന്നുന്നതു്.

ശ്രീ. കെ. സി. ജോർജ്ജ് : മനുഷ്യർക്കോ മൃഗങ്ങൾക്കോ ഉപയോഗിക്കാൻ കൊടുക്കുമെന്നു പറഞ്ഞു. അതു് മനുഷ്യർക്കു കൊടുക്കാതെയിരിക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ആ അഭിപ്രായം സ്വീകരിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II.

*Please see answer to Question No. * 257 [9].*

Statement showing the area under tapioca cultivation and the quota of parboiled and sun-dried chips allotted to each taluk.

No.	Name of taluk	Area under tapioca culti-vation	Parboiled chips in tons	Sun dried chips in tons
1	Thovala	107	nil	nil
2	Agastiswaram	nil	nil	nil
3	Kalkulam	14915	420	100
4	Vilavancode	31170	880	200
5	Neyyattinkara	54042	1540	200
6	Trivandrum	17700	500	100
7	Nedumangad	57503	1630	200
8	Chirayinkil	24068	680	60
9	Quilon	26480	780	60
10	Kottarakkara	38314	1040	200
11	Pathanapuram	25919	730	100
12	Shencottah	97	nil	nil
13	Kunnathur	22851	650	200
14	Pathanamthitta	29172	830	60
15	Karunagappally	12538	350	30
16	Karthigappally	3812	100	30
17	Mavelikara	31050	880	30
18	Thiruvella	37546	1070	200
19	Ambalapuzha	69	nil	nil
20	Shertallai	2320	nil	nil
21	Changanacherry	33475	950	200
22	Kottayam	41507	1030	200
23	Vaikom	8369	230	30
24	Meenachil	29731	840	30
25	Peermade	nil	200	nil
26	Devicolam	nil	nil	nil
27	Thodupuzha	7537	210	30
28	Muvattupuzha	31851	900	30
29	Cochin Kanayannur	1318	nil	nil
30	Kunnathunad	17705	500	60
31	Parur-Crangannore	2255	60	30
32	Mukundapuram	2634	70	100
33	Trichur	6691	190	60
34	Talappilly	4906	130	100
35	Chittur	nil	nil	nil
		617652	17360	2640

LIBRARY ARCHIVES Kerala Legislative Assembly